## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1040** **27-07-2021 - ൽ മറുപടിയ്ക്ക്**

## ലോക്ക്ഡൗൺ മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ലോക്ക്ഡൗൺ കാരണം കേരളത്തിലെ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ്-19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കുവാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത, കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് 10.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ്-19ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിനു ഹോർട്ടികോർപിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ വഴി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| (ബി) | ഈ സാഹചര്യത്തിൽ കർഷകർ കൃഷി ചെയ്യുന്ന പൈനാപ്പിൾ അടക്കമുള്ള പഴങ്ങൾ കേരളത്തിനകത്തു തന്നെ വിപണനം ചെയ്യാൻ സർക്കാർ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | പൈനാപ്പിൾ കർഷകരെ സഹായിക്കുന്നതിന് വേണ്ട നടപടിയുടെ ഭാഗമായി ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ, വാഴക്കുളം പൈനാപ്പിൾ പ്രോസസിംഗ് സെന്റർ, സംസ്ഥാന മൊത്ത വ്യാപാര മാർക്കറ്റുകൾ മുഖേന പൈനാപ്പിൾ സംഭരിച്ചു വരുന്നു. കൂടാതെ കേരള ഫാം ഫ്രഷ് അടിസ്ഥാന വില പദ്ധതി പ്രകാരം താങ്ങു വില പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ